**"ഭരണഭാഷ - മാതൃഭാഷ"**

NO TO DRUGS

DGE/9520/2025-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 13-05-2025

**<u>സർക്കുലർ</u>**

വിഷയം:- പൊതുവിദ്യാഭ്യാസം - 2025-26 അദ്ധ്യയന വർഷം സ്കൂൾ തുറക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :-

2025-26 അധ്യയന വർഷം 2025 ജൂൺ രണ്ടാം തീയതി മുതൽ ആരംഭിക്കുകയാണ്. സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

I. **<u>സ്കൂൾ സുരക്ഷ</u>** :

കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ്നസ് വളരെ പ്രധാനപ്പെട്ടതാണ്. ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ ക്ലാസുകൾ നടത്തുവാൻ കഴിയൂ. പുതുതായി നിർമിച്ച കെട്ടിടങ്ങൾക്കും ഫിട്നസ് സർട്ടിഫിക്കറ്റ് അനിവാര്യമാണ്. സുരക്ഷ മുൻനിർത്തി സ്കൂൾ പരിസരം വൃത്തിയാക്കേണ്ടതും അപകടകരമായ സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതുമാണ്. സ്കൂളിൽ സുരക്ഷിതവും പ്രചോദനപരവുമായ ഒരു പഠനാന്തരീക്ഷം ഉണ്ടായിരിക്കേണ്ടതാണ്. വ്യത്യസ്ത നിലകളിലുള്ള പഠനാനുഭവങ്ങൾ കുട്ടികൾക്ക് നൽകുന്നതിനുവേണ്ടി ഓരോ കുട്ടിക്കും ഉപകാരപ്പെടുന്ന തരത്തിൽ പഠനവിഭവങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഓരോ സ്കൂളിലും ഒരുക്കേണ്ടതാണ്. ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുകയും, അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും, പഠനാന്തരീക്ഷവും ഉറപ്പുവരുത്തുകയും വേണം. ഇക്കാര്യത്തിൽ അധ്യാപക ബോധവൽക്കരണം വളരെ പ്രധാനമാണ്. കുട്ടികളുടെ സുരക്ഷ, അവരുടെ അവകാശങ്ങൾ എന്നിവ മുൻനിർത്തി ഓരോ സ്കൂളും ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ മെയ് 27 നകം പൂർത്തിയാക്കേണ്ടതാണ്. അതോടൊപ്പം ഭിത്തികൾ കഴിയുന്നതും പെയിന്റ് ചെയ്ത് മനോഹരമാക്കി കുട്ടികളെ സ്വീകരിക്കാൻ സജ്ജമാക്കേണ്ടതാണ്.

2. സ്കൂൾ തുറക്കുന്നതിനു മുൻപു തന്നെ സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെ യാതൊരു കാരണവശാലും സ്കൂളുകൾ തുറന്നു പ്രവർത്തിക്കാൻ പാടുള്ളതല്ല.
3. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളിൽ വാടക കെട്ടിടത്തിലോ മറ്റു സ്ഥാപനങ്ങളിലോ ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഈ കെട്ടിടങ്ങൾ കൂടി പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തദ്ദേശ-സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ലഭ്യമാക്കിയെന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ സ്കൂൾ പ്രവർത്തിക്കാൻ പാടുള്ളൂ.
4. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സ്കൂളുകളിൽ കുട്ടികൾക്ക് പൂർണ്ണസുരക്ഷിതത്വം ഉറപ്പാക്കുന്ന രീതിയിൽ പണി നടക്കുന്ന സ്ഥലം മറച്ചുകെട്ടേണ്ടതാണ്. അത്തരം ഭാഗത്തേക്ക് പ്രവേശനം നിഷേധിച്ചുകൊണ്ട് ബോർഡ് സ്ഥാപിക്കേണ്ടതാണ്. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കിയും സഞ്ചാരം തടസ്സപ്പെടാതെയും നിർമ്മാണ സാമഗ്രികൾ സൂക്ഷിക്കേണ്ടതാണ്. നിർമ്മാണ തൊഴിലാളികളുടെ സാന്നിധ്യം സ്കൂൾ പ്രവർത്തനത്തിന് തടസ്സമാകരുത്. നിർമ്മാണ തൊഴിലാളികളുടെ വിവരങ്ങൾ ദിനംപ്രതി കരാറുകാരൻ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.
5. വിവിധ ആവശ്യങ്ങൾക്കായി പ്രചാരണ സാമഗ്രികൾ, കൊടിതോരണങ്ങൾ, ബോർഡുകൾ, ഹോർഡിംഗ്സ് എന്നിവ സ്കൂൾ പരിസരത്ത് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ പ്രധാനാധ്യാപകൻ കൈക്കൊള്ളേണ്ടതാണ്.
6. വിദ്യാലയങ്ങൾക്ക് സമീപം മുന്നറിയിപ്പ് ബോർഡുകൾ, ട്രാഫിക് സൈൻബോർഡുകൾ എന്നിവ സ്ഥാപിക്കുവാൻ ട്രാഫിക് പോലീസിന്റെ സേവനം തേടേണ്ടതാണ്.
7. സ്കൂളിനടുത്തുള്ള വെള്ളക്കെട്ടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയ്ക്ക് സുരക്ഷാ ഭിത്തികൾ നിർമിക്കാനും വെള്ളക്കെട്ട് രൂപപ്പെടാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ അപകട സാധ്യതാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാനും ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.
8. സ്കൂളിലും പരിസരത്തും അപകടകരമായ നിലയിൽ മരങ്ങളോ, മരച്ചില്ലകളോ ഉണ്ടെങ്കിൽ അവ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
9. സ്കൂളിലേയ്ക്കുള്ള വഴി, സ്കൂൾ പരിസരം, കോമ്പൗണ്ട് എന്നിവിടങ്ങളിൽ ഉള്ള വൈദ്യുത പോസ്റ്റ്, ഇലക്ട്രിക് ലൈൻ, സ്റ്റേവയർ, സുരക്ഷാ വേലികൾ ഇല്ലാതെയുള്ള ട്രാൻസ്ഫോർമറുകൾ

മുതലായവ അപകടകരമാംവിധം കാണുകയാണെങ്കിൽ ആയത് ബന്ധപ്പെട്ട കെ.എസ്.ഇ.ബി അധികൃതരെ അറിയിക്കേണ്ടതും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

10. ഉപയോഗ ശൂന്യമായ ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവ നീക്കം ചെയ്യുകയോ പ്രത്യേക മുറിയിലേക്ക് മാറ്റുകയോ ചെയ്യുക.
11. സ്കൂളുകളിൽ ഇഴജന്തുക്കൾ കയറിയിരിക്കാൻ സാധ്യതയുള്ള ഇടങ്ങൾ സൂക്ഷമമായി പരിശോധിച്ച് അവയുടെ സാന്നിധ്യമില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## II. കുട്ടികളുടെ സുരക്ഷ :

അധ്യയന വർഷാരംഭം മുതൽ കുട്ടികളുടെ സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകേണ്ടതുണ്ട്. വീട്ടിൽ നിന്നു സ്കൂളിലേക്കും സ്കൂളിൽ നിന്നും വീട്ടിലേയ്ക്കും കുട്ടികൾ സഞ്ചരിക്കുമ്പോൾ ഉണ്ടാവേണ്ട യാത്രസുരക്ഷ, സ്വകാര്യ വാഹനങ്ങൾ, പൊതുവാഹനങ്ങൾ, സ്കൂൾ ബസ് തുടങ്ങിയവ ഉപയോഗിക്കുമ്പോൾ കുട്ടികളുടെ സുരക്ഷ മുൻനിർത്തി പാലിക്കേണ്ട മുൻകരുതലുകൾ, റോഡ്, റെയിൽവേ ലൈൻ എന്നിവ ക്രോസ് ചെയ്യുമ്പോൾ സൂക്ഷിക്കേണ്ട കാര്യങ്ങൾ, ജലഗതാഗതം ഉപയോഗിക്കുന്ന കുട്ടികളുടെ സുരക്ഷ സംബന്ധിച്ച കാര്യങ്ങൾ ഇതെല്ലാം സ്കൂൾ തലത്തിൽ അവലോകനം നടത്തി വേണ്ടത്ര സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1. സ്കൂൾ തുറക്കുന്ന ദിവസം കുട്ടികളെയും കൊണ്ട് രക്ഷിതാക്കൾ വാഹനത്തിൽ വരാനുള്ള സാധ്യത മുന്നിൽക്കണ്ട് വാഹനം പാർക്ക് ചെയ്യാൻ അതത് സ്കൂളുകൾ സൗകര്യം ഒരുക്കേണ്ടതാണ്. റോഡരികിലും മറ്റും വാഹനങ്ങൾ അലക്ഷ്യമായി പാർക്ക് ചെയ്യുന്നതുമൂലം ഗതാഗത തടസ്സം ഉണ്ടാകാതിരിക്കാൻ പോലീസുമായി ചേർന്ന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
2. COTPA - 2003 പ്രകാരമുള്ള മുന്നറിയിപ്പ് ബോർഡ് സ്കൂൾ പരിസരത്ത് പ്രദർശിപ്പിക്കുക.
3. റോഡിനിരുവശവും കൃത്യമായ ഇടവേളകളിൽ സ്പീഡ് ബ്രേക്കർ/ഹമ്പുകൾ ഉണ്ടെന്നുള്ള കാര്യം ഉറപ്പുവരുത്തണം. ഇല്ലെങ്കിൽ PWD/LSGD യുമായി ബന്ധപ്പെട്ട് ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.
4. റെയിൽ ക്രോസ്സിന് സമീപമുള്ള വിദ്യാലയങ്ങളിലെ കുട്ടികൾക്ക് അപകടരഹിതമായി ട്രാക്ക് മുറിച്ചു കടക്കുന്നതിനുള്ള സംവിധാനംഒരുക്കേണ്ടാതാണ്.
5. സ്കൂൾ പരിസരത്തെ കടകളിൽ കൃത്യമായ പരിശോധന നടത്തുന്നതിനും, നിരോധിത വസ്തുക്കൾ,

ലഹരി പദാർത്ഥങ്ങൾ എന്നിവ വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും എക്സൈസ്/പോലീസ് വകുപ്പുകളുടെ സേവനം തേടേണ്ടതാണ്.

6. ലഹരി വിരുദ്ധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിരുന്നു. ലഹരിമുക്ത ക്യാമ്പസായി പ്രഖ്യാപിക്കുന്നതിന് സമിതികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും കാലിക പ്രസക്തമായ പരിപാടികൾ ആലോചിച്ച് നടപ്പിലാക്കേണ്ടതുമാണ്.
7. ക്ലാസുകൾ തുടങ്ങിയ ശേഷം കുട്ടികൾ ഏതെങ്കിലും കാരണവശാൽ ക്ലാസിൽ നിശ്ചിത സമയം കഴിഞ്ഞും എത്തിയില്ലെങ്കിൽ രക്ഷിതാക്കളെ വിളിച്ച് വിവരം തിരക്കേണ്ടതും, വീട്ടിൽ നിന്നു കുട്ടി സ്കൂളിലേക്ക് പുറപ്പെട്ടിട്ടുണ്ടെന്നു ബോധ്യമാവുകയാണെങ്കിൽ ആ വിവരം പോലീസിനെ അറിയിക്കുന്നതിന് ക്ലാസ് ടീച്ചറെ ചുമതലപ്പെടുത്തേണ്ടതുമാണ്

**III. <u>പരിസര ശുചീകരണം :</u>**

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും നന്നായി വൃത്തിയാക്കേണ്ടതാണ്. പി.ടി.എ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പൂർവ്വവിദ്യാർത്ഥി സംഘടന തുടങ്ങിയ ജനകീയ ഘടകങ്ങളെ മുൻനിർത്തി ക്ലാസ്സ് മുറികളും, സ്കൂളും പരിസരവും വൃത്തിയാക്കുന്നതിന് മുൻകൈയെടുക്കേണ്ടതാണ്. സ്കൂൾ അന്തരീക്ഷം ആകർഷകമാക്കുന്നതിനു വേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

1. ശുചിത്വവിദ്യാലയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ വകുപ്പുകൾ സംയുക്തയോഗം ചേരുന്നതിന് ക്രമീകരണം നടത്തുക.
2. സ്കൂളും പരിസരവും, ക്ലാസ് മുറികൾ, ടോയിലറ്റ്, കുട്ടികൾ പെരുമാറുന്ന മറ്റു സ്ഥലങ്ങൾ, സ്കൂൾ ശുചീകരണം, മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ സന്നദ്ധസംഘടനകൾ, കുടുംബശ്രീ, റസിഡന്റ് അസോസിയേഷനുകൾ, അധ്യാപക-വിദ്യാർത്ഥി-ബഹുജന സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ നടത്തേണ്ടതുമാണ്.
3. പി.ടി.എ യുടെ നേതൃത്വത്തിൽ സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി സമ്പൂർണ ശുചീകരണം നടത്തേണ്ടതാണ്.
4. കുടിവെള്ള ടാങ്ക്, കിണറുകൾ, മറ്റ് ജലസ്രോതസുകൾ എന്നിവ നിർബന്ധമായും ശുചീകരിക്കേണ്ടതും അണുവിമുക്തമാക്കേണ്ടതുമാണ്. കുടിവെള്ള സാമ്പിൾ ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

**IV <u>ഉച്ചഭക്ഷണം</u>**

1. സ്കൂൾ അടുക്കള, പാചകം ചെയ്യുന്ന പാത്രങ്ങൾ എന്നിവ നിർബന്ധമായും ശുചീകരിക്കേണ്ടതും അണുവിമുക്തമാക്കേണ്ടതുമാണ്. ഉപയോഗശേഷം സൂക്ഷിച്ചിരിക്കുന്ന ധാന്യങ്ങൾ, മറ്റ് കാലാവധി കഴിഞ്ഞ ഭക്ഷണ വസ്തുക്കൾ ഉൾപ്പടെ ഉപയോഗിക്കുന്നില്ലെന്ന് പ്രധാനാദ്ധ്യാപകൻ ഉറപ്പ വരുത്തേണ്ടതാണ്.
2. പാചകത്തൊഴിലാളികൾ ഹെൽത്ത് കാർഡ് എടുത്തുവെന്ന് ഉറപ്പാക്കുക.
3. സ്കൂൾ തുറക്കുന്ന ദിവസം തന്നെ ഉച്ചഭക്ഷണ വിതരണം ആരംഭിക്കേണ്ടതാണ്.

**V.<u>ആസൂത്രണവും വിലയിരുത്തലും</u>**

1. ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർമാൻ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, വിദ്യാഭ്യാസ ഉപഡയറക്ടർ, ആർ.ഡി.ഡി, എ.ഡി – വി.എച്ച്.എസ്.സി, ഡയറ്റ് പ്രിൻസിപ്പാൾ, ഡി.പി.സി എന്നിവരുടെ യോഗം ജില്ലാതലത്തിൽ ചേരുന്നതിനാവശ്യമായ നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ കൈക്കൊള്ളേണ്ടതും സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ ചർച്ച ചെയ്യേണ്ടതും തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. സ്കൂൾ തലത്തിൽ പി.റ്റി.എ യോഗം ചേർന്ന് മുന്നൊരുക്കങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.
2. ജില്ലയിൽ വിദ്യാഭ്യാസ ഉപഡയറക്ടർ ആർ.ഡി.ഡി, എ.ഡി, ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ പ്രോജക്ട് കോർഡിനേറ്റർ, ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം, കൈറ്റ് എന്നിവർ ചേർന്ന് ഓരോ സ്കൂളും സജ്ജമാക്കുന്നത് സംബന്ധിച്ച പ്രവർത്തന പദ്ധതി രൂപീകരിക്കണം. ഇത് പ്രഥമാധ്യാപക യോഗത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ യോഗങ്ങളിലും ചർച്ച ചെയ്യണം.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും സഹായം ലഭ്യമാക്കേണ്ടതുണ്ടെങ്കിൽ അതിനുള്ള നടപടികൾ പ്രധാനാധ്യാപകർ സ്വീകരിക്കണം.
4. വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ ടീം ഓരോ സ്കൂളിലെയും പ്രവർത്തനങ്ങൾ സംബന്ധിച്ച് അനുയോജ്യമായ ഇടപെടലുകൾ നടത്തണം.
5. വിദ്യാഭ്യാസ ജില്ലാ/ഉപജില്ലാ തലങ്ങളിൽ ആവശ്യമായ യോഗങ്ങൾ ചേർന്ന് മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
6. സ്കൂൾ തുറക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യുന്നതിനായി സ്റ്റാഫ് കൗൺസിൽ യോഗം, പി,റ്റി.എ/എസ്.എം.സി എക്സിക്യൂട്ടീവ് യോഗം, ക്ലാസ് പി.റ്റി.എ എന്നിവ

ചേരേണ്ടതാണ്. കുട്ടികളുടെ പഠനസമയത്തിന് തടസ്സം വരാത്ത രീതിയിൽ സഹഅധ്യാപകർ, പ്രധാനാധ്യാപകന്റെ സ്കൂൾ സംബന്ധമായ ജോലികളിൽ സഹായിക്കേണ്ടതാണ്.

7. കെ.എസ്.ആർ.ടി.സി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, പോലീസ്, കെ.എസ്.ഇ.ബി, എക്സൈസ്, സാമൂഹ്യനീതി വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, പട്ടിക വർഗ്ഗ വകുപ്പ്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സ്കൂൾ തല യോഗങ്ങൾ ചേർന്ന് മുന്നൊരുക്ക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.
8. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ജനജാഗ്രതാ സമിതി യോഗം ചേർന്ന് പുതിയ അധ്യയന വർഷത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതും തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.
9. കുട്ടികളുടെ പഠനസമയത്തിനു തടസ്സം വരുന്ന രീതിയിൽ പി.റ്റി.എ യോഗങ്ങൾ, എസ്.ആർ.ജി യോഗങ്ങൾ, സ്റ്റാഫ് മീറ്റിംഗുകൾ തുടങ്ങിയവ സംഘടിപ്പിക്കാതിരിക്കാനും സൽക്കാരങ്ങൾ നടത്താതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്
10. വനം/തോട്ടം മേഖലകളിൽ കുട്ടികൾ സ്കൂളിലേക്ക് സഞ്ചരിക്കുന്ന നടവഴികളിലെ വശങ്ങളിലുള്ള കുറ്റിക്കാടുകൾ വെട്ടി മാറ്റുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ്, വനംവകുപ്പ് എന്നിവരുമായി ചേർന്ന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വന്യമൃഗങ്ങളുടെ സാന്നിധ്യം കൂടുതലുള്ള പ്രദേശങ്ങളിൽ സംരക്ഷണ വേലികൾ അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.
11. ദുരന്തപ്രതികരണത്തിന് വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും മതിയായ പരിശീലനം ലഭ്യമാക്കണം. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി മോക്ക് ഡ്രിൽ സംഘടിപ്പിക്കണമെന്ന് സ്കൂൾ, അഗ്നി-രക്ഷാസേന എന്നിവരോട് നിർദ്ദേശിക്കുക. അഗ്നി-രക്ഷ വകുപ്പിന്റെ മേൽനോട്ടത്തിൽ മാത്രം മോക്ക് ഡ്രിൽ നടത്തുക.
12. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി കൃത്യമായി മുന്നോട്ട് കൊണ്ടുപോകുക.
13. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവയ്ക്കു സാധ്യതയുള്ള പ്രദേശങ്ങളിലെ സ്കൂളുകളിൽ ബോധവത്കരണ പരിപാടികൾ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനവുമായി ചേർന്ന് നടത്തേണ്ടതാണ്.
14. സ്കൂളുകളിൽ ലാന്റ് ഫോൺ പ്രവർത്തിക്കുന്നുണ്ടെന്ന് പ്രഥമാദ്ധ്യാപകൻ ഉറപ്പു വരുത്തേണ്ടതാണ്.
15. വിദ്യാലയങ്ങളിലെ ഐ.റ്റി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുക.

16. വിദ്യാവാഹിനി പദ്ധതി സ്കൂൾ തുറക്കുന്ന ദിവസം മുതൽ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
17. താത്കാലിക ദുരിതാശ്വാസ ക്യാമ്പുകളായി ഉപയോഗിക്കുന്ന എല്ലാ സ്കൂളുകളിലേയും ശുചിമുറികൾ പ്രത്യേക പരിഗണന നൽകി കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
18. സ്കൂൾ തലത്തിൽ നടത്തിയ മുന്നൊരുക്ക പ്രവർത്തനങ്ങൾ സംബന്ധിച്ച് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മെയ് 22 നും 27 നുമിടയിൽ അവരവരുടെ അധികാര പരിധിയിലെ സ്കൂളുകൾ നേരിട്ട് സന്ദർശിച്ച് പരിശോധിക്കേണ്ടതും റിപ്പോർട്ട് ഓരോ ദിവസവും അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതുമാണ്. ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ ബന്ധപ്പെട്ട ആർ.ഡി.ഡി/എ.ഡി എന്നിവർ മെയ് 25 നും 31 നുമിടയിൽ നേരിട്ട് സന്ദർശിച്ച് പരിശോധിച്ച് റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറേണ്ടതാണ്.
19. ജില്ലയിൽ ഡി.ഡി.ഇ, ആർ.ഡി.ഡി, എ.ഡി, ഡയറ്റ് പ്രിൻസിപ്പാൾ, ഡി.ഇ.ഒ, എ.ഇ.ഒ മാർ എന്നിവർ കൂടിയിരുന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ക്യൂ.ഐ.പി മോണിറ്ററിംഗ് കമ്മിറ്റി ആവശ്യമെങ്കിൽ ചേർന്ന് ആസൂത്രണം നടത്തേണ്ടതുമാണ്. കൂടാതെ വിദ്യാലയ ശുചിത്വം, കുട്ടികളുടെ സുരക്ഷ എന്നിവ സംബന്ധിച്ച് ഈ കാര്യാലയത്തിൽ നിന്നുള്ള ഡി.ജി.ഇ/7193/2023/എം4 തീയതി 15/05/2023, ഡി.ജി.ഇ/2305/2023/എം4 15/05/2023 എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ച 'സ്കൂൾ സുരക്ഷാ മാർഗനിർദ്ദേശങ്ങൾ' അധ്യാപകർക്കിടയിലും, വിദ്യാർത്ഥികൾക്കിടയിലും സുരക്ഷാബോധം വളർത്തുന്നതിന് ഉപയോഗപ്പെടുത്തേണ്ടതാണ്. കൂടാതെ കുട്ടികളുടെ പരാതികൾ ശേഖരിക്കുന്നതിന് സ്കൂളുകളിൽ പരാതിപ്പെട്ടി സ്ഥാപിക്കുന്നതിന് സംബന്ധിച്ച് ഈ കാര്യാലയത്തിൽ നിന്നുള്ള എം4/465299/2022/ഡി.ജി.ഇ തീയതി 17/06/2022 നമ്പർ കത്ത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
20. എല്ലാ സ്കൂളുകളിലും സ്കൂൾ സുരക്ഷാ പ്ലാൻ അഥവാ സ്കൂൾ ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കുകയും സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.
21. അധ്യാപകരെല്ലാം അവധിക്കാല പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട് എന്ന് പ്രധാനാധ്യാപകൻ ഉറപ്പുവരുത്തേണ്ടതാണ്. പാഠപുസ്തകം, സ്കൂൾ യൂണിഫോം, ഉച്ചഭക്ഷണ പദ്ധതി എന്നിവ മുൻനിർത്തി പ്രത്യേകമായ യോഗങ്ങൾ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സംഘടിപ്പിക്കേണ്ടതാണ്.

22. അധ്യാപക പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് എസ്.ആർ.ജി യോഗം ചേർന്ന് വാർഷിക അക്കാദമിക കലണ്ടർ, അക്കാദമിക വാർഷിക പ്ലാനിൽ വരുത്തേണ്ടുന്ന മാറ്റങ്ങൾ, ഒന്നാംടേം പഠന പ്രവർത്തനങ്ങളുടെ ആസൂത്രണം എന്നിവ നടത്തേണ്ടതാണ്.

## VI. യാത്രാസുരക്ഷ

1. സ്കൂൾ ബസ്സുകളിൽ കയറ്റാവുന്ന കുട്ടികളുടെ എണ്ണം, വാഹനത്തിന്റെ ഫിറ്റ്നസ് മുതലായവ സംബന്ധിച്ച് മോട്ടോർവാഹന വകുപ്പ് നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. കൂടാതെ ഓട്ടോ, ടാക്സി, വാൻ, പ്രൈവറ്റ് ബസ് എന്നിവയിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുള്ള യാത്ര ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ/അസോസിയേഷനുമായി ബന്ധപ്പെട്ട് ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. കുട്ടികളുടെ ബസ് യാത്രയിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് കൃത്യമായ സ്റ്റോപ്പുകളിൽ കുട്ടികൾക്ക് ഇറങ്ങുന്നതിനും കയറുന്നതിനും ആവശ്യമായ സമയം നൽകുന്നുണ്ടെന്നും, ബസിന്റെ ഫുട്ബോഡിൽ നിന്ന് കുട്ടികൾ യാത്ര ചെയ്യുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.
3. കുട്ടികൾ സഞ്ചരിക്കുന്ന വാഹനങ്ങളിലെ ജീവനക്കാരുടെ സ്വഭാവം വിലയിരുത്തി, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ അധികാരികളുടെ സഹായം തേടേണ്ടതാണ്.
4. സ്കൂൾ കുട്ടികളുടെ യാത്രാ സമയങ്ങളിൽ ചരക്ക് വാഹനങ്ങൾ ഉൾപ്പെടെയുള്ള ഹെവിവാഹനങ്ങളുടെ നിയന്ത്രണം ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

## VII. പ്രവേശനം, പ്രവേശനോത്സവം :

സംസ്ഥാനതല ഉദ്ഘാടന ചടങ്ങുകൾ ഉണ്ടായിരിക്കുന്നതാണ്. എല്ലാ സ്കൂളുകളിലും സംസ്ഥാനതല ഉദ്ഘാടന പ്രക്ഷേപണം തത്സമയം പ്രദർശിപ്പിക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. അതിനുശേഷമായിരിക്കണം ജില്ലകളിൽ സ്കൂൾതല പ്രവേശനോത്സവവും, ജില്ലാതല പ്രവേശനോത്സവവും നടത്തേണ്ടത്. സ്കൂൾ പ്രവേശന നടപടികൾ സുഗമമായി പൂർത്തികരിക്കേണ്ടതാണ്. പ്രവേശനോത്സവ പരിപാടികൾ വിപുലമായ രീതിയിൽ ജനകീയ ഘടകങ്ങളുമായി ആലോചിച്ച് സംഘടിപ്പിക്കേണ്ടതാണ്.

1. കൃത്യസമയത്തു തന്നെ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.
2. സ്കൂളിനെ ഒറ്റ യൂണിറ്റായി കണ്ട് പ്രവേശനോത്സവം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സ്കൂൾ

പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

3. ഈ നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉപജില്ലാ/ജില്ലാവിദ്യാഭ്യാസ ഓഫീസ് തലങ്ങളിൽ പ്രിൻസിപ്പാൾ, പ്രധാനാധ്യാപകരുടെ യോഗം വിളിച്ചു ചേർക്കേണ്ടതും ഡയറ്റ് ഫാക്കൽറ്റി അക്കാര്യത്തിൽ ഓഫീസർമാരെ സഹായിക്കേണ്ടതുമാണ്.
4. സ്കൂളുകളിൽ ആദ്യവാരം ചേരുന്ന അസംബ്ലിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതാണ്.
    - ജലസംരക്ഷണ പ്രവർത്തനങ്ങളും ഇവ നടപ്പിലാക്കേണ്ടതിന്റെ പ്രാധാന്യവും – വാട്ടർ അതോറിറ്റി, ജലസേചനം, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ നടത്തേണ്ടതാണ്.
    - മഴക്കാലത്തു പുഴക്കടവുകളിലും, ബീച്ചുകളിലും, തോടുകളിലും അപകടകരമായ കയം ഉള്ള പ്രദേശങ്ങളിലും, കെട്ടി കിടക്കുന്ന പ്രദേശങ്ങളിലും കുളിക്കുമ്പോൾ എടുക്കേണ്ടുന്ന മുൻ കരുതലുകളും, അടിയന്തിര ഘട്ടത്തിൽ സ്വീകരിക്കേണ്ടുന്ന സുരക്ഷ നടപടികളും സംബന്ധിച്ച് ‘ എറിഞ്ഞു കൊടുക്ക്, ചാടരുത് ’ (Throw, don’t jump) എന്ന സിദ്ധാന്തത്തിൽ ഊന്നിക്കൊണ്ട് അഗ്നിശമനസേന, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ നടത്തേണ്ടതാണ്.
    - മഴക്കാല പകർച്ചവ്യാധി പ്രതിരോധം – ആരോഗ്യവകുപ്പ്/ആയുഷ് ഡോക്ടർമാരുടെ സഹായത്തോടെ നടത്തേണ്ടതാണ്.

Signed by
Shanavas S
Date: 13-05-2025 15:32:07
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
3. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർസെക്കൻഡറി വിഭാഗം)
4. എല്ലാ എ.ഡി മാർക്കും (വി.എച്ച്.എസ്.ഇ വിഭാഗം)
5. എല്ലാ ജില്ലാ /ഉപവിദ്യാഭ്യാസ ഓഫീസർമാർക്കും
6. എല്ലാ ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാർക്കും (എസ്.എസ്.കെ)
7. എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും (എസ്.എസ്.കെ)
8. എല്ലാ ജില്ലാ കൈറ്റ് കോർഡിനേറ്റർമാർക്കും
9. എല്ലാ ജില്ലാ വിദ്യാകിരണം കോർഡിനേറ്റർമാർക്കും

10. എല്ലാ പ്രധാനാധ്യാപകർ/ പ്രിൻസിപ്പൽമാർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്:

1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരള
2. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
3. ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
4. ഡയറക്ടർ, എസ്.ഐ.ടി, തിരുവനന്തപുരം
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
6. വിദ്യാകിരണം സ്റ്റേറ്റ് കോർഡിനേറ്റർ.